

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 6 | 1989 ഫെബ്രുവരി 24 | ലക്കം 7

## പ്രാർത്ഥനാവലയം

ഫാ. പി. എൻ. പോൾ,
മാർ കുറിയാക്കോസ് ആശ്രമം,
മൈലപ്ര. പി. ഒ.
പത്തനംതിട്ട.
ഫോൺ. 04751-2295

### യെറിഹോവിൽ മതിൽ തകർക്കാനുള്ള സംയുക്തമായ ആർപ്പുവിളിക്കു

[യോശുവാ 6:10]

ഇന്നു് പ്രാർത്ഥനാവലയത്തിന്റെ പ്രസക്തി എന്താണു്?

ഇതു് പണം പിരിക്കുവാനുള്ള ഒരു സൂത്രമാണോ?

ഇതു് കപടഭക്തി വളർത്തി പേരുണ്ടാക്കുവാനുള്ള ഒരു കുറുക്കുവഴിയാണോ?

ഓർത്തഡോക്സ് ഹെറാൾഡിലെ പുതിയ പ്രാർത്ഥനാ പംക്തി വായിച്ചവർക്കു് തോന്നാവുന്നതും ചിലർ ചോദിച്ചു കഴിഞ്ഞതുമായ ചോദ്യങ്ങളാണിവ.

ഈ പ്രാർത്ഥനാ പംക്തിഹെറാൾഡിന്റെ പൂർണ്ണഉത്തരവാദിത്വത്തിൽ ആരംഭിച്ചതാണു്. രഹസ്യ പ്രാർത്ഥനയുടേയും, മദ്ധ്യസ്ഥപ്രാർത്ഥനയുടേയും സ്വഭാവം വായനക്കാരിൽ വളർത്തി, ഫലപ്രദമാക്കിത്തീർക്കുവാനാണു് ഈ പംക്തി ആരംഭിച്ചതു്.

ആരോടും പണം ചോദിക്കാതെ, ഒരു പണപിരിവും നടത്താതെ, നിരന്തര പരിപാടികൾ മുട്ടില്ലാതെ ഇന്നുവരെ നടത്തിയ സമ്പന്നനായ ദൈവത്തെ സ്തുതിക്കുന്നു. എന്നും വിശുദ്ധ കുർബ്ബാനയർപ്പിക്കത്തക്കവണ്ണം ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പ്രാർത്ഥനാവിഷയങ്ങൾ കത്തിൽക്കൂടെയും, ഫോണിൽ കൂടെയും, നേരിട്ടും, ലഭിച്ചുകൊണ്ടിരിക്കുന്നതു്, കഴിഞ്ഞ അനേകവർഷക്കാലത്തെ നിത്യസംഭവമാണു്. ദൈവനാമമഹത്വത്തിനും, അനേകരുടെ ആശ്വാസത്തിനും ഈ പ്രാർത്ഥനാവലയം ഉതകുമെന്നുള്ള ബോദ്ധ്യത്തിലാണു് ഈ വർഷാരംഭത്തിൽ ഈ പംക്തി ആരംഭിച്ചതു്. ഒരു പണപിരിവും കൂടാതെ ഇത്രത്തോളം സമൃദ്ധിയായി വഴിനടത്തിയ സ്വർഗ്ഗസ്ഥപിതാവു്, ഈ പ്രാർത്ഥനാ പംക്തിയുടെ ഇന്നുവരെയുള്ള നടത്തിപ്പി

(ശേഷം 2-ാം പേജിൽ)

# പ. സുന്നഹദോസ് ഫെ: 25നു് സമാപിച്ചു.

സ്റ്റാഫ് എഡിറ്റർ

കോട്ടയം: പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 20 മുതൽ 25 വരെ തീയതികളിൽ കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെന്ററിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാമാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

ബി. ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും 1989-90 ലെ ബജററ് അംഗീകരണം, മാനേജിംഗ് കമ്മററിയുടെ ഓഗസ്റ്റ്ഒക്ടോബർ സമ്മേളനതീരുമാനങ്ങളുടെ അംഗീകരണം, സഭാവികസനപദ്ധതിക്കുള്ള ധനാഗമനചർച്ച, വൈദികരുടെശമ്പളപരിഷ്ക്കരണ പരിശോധന, എഡ്യൂക്കേഷൻ സൊസൈററിയുടെ എഞ്ചിനീയറിംഗ് കോളേജ് സംഭവങ്ങളുടെ വിലയിരുത്തൽ, മൈലപ്രാ കുറിയാക്കോസ് ആശ്രമനിയമാവലിയുടെ അംഗീകരണം, സഭാപ്രവർത്തനങ്ങളിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം തീരുമാനിക്കുക. വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാരംഭറിപ്പോർട്ടവതരണം തുടങ്ങി ഒട്ടനവധി വിഷയങ്ങൾ ഈ വർഷത്തെ സുന്നഹദോസിൽ ചർച്ചക്കു വന്നു (വിശദവിവരങ്ങൾ അടുത്ത ലക്കത്തിൽ)

### വാർത്തകൾ അയയ്ക്കുന്നവർ ശ്രദ്ധിക്കുക

ഹെറാൾഡിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്ന വാർത്തകൾ രണ്ടാഴ്ച മുൻപെങ്കിലും ഓഫീസിൽ ലഭിച്ചിരിക്കത്തക്ക വിധം അയക്കേണ്ടതാണു്. ഇതര പത്രങ്ങളിൽ വന്ന വാർത്തകൾ ഉപേക്ഷിക്കണം എന്നു കാണിച്ചു് നിരവധി കത്തുകൾ ഓഫീസിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് ിന്റെ അടിസ്ഥാനത്തിലാണു് ഞങ്ങൾക്കു് ഈ കുറിപ്പു് ചേർക്കേണ്ടിവരുന്നതു് വാർത്തകളോടൊപ്പം തിരുമേനിമാരുടെയോ പ്രമുഖവ്യക്തികളുടെയോ പ്രസംഗ സാരാംശംകൂടി ഉണ്ടായിരിക്കേണ്ടതാണു്. വിലാസം ഓർത്തഡോക്സ് ഹെറാൾഡ്, ദേവലോകം അരമന, കോട്ടയം-686 038 പത്രാധിപർ

## വനിതാ വേദപഠന വാർഷികം

പഴഞ്ഞി: സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തിവരുന്ന വനിതാ വേദപഠനക്ലാസ്സിന്റെ വാർഷികം ആഘോഷിച്ചു. ഫെബ്രുവരി 5 ഞായറാഴ്ച ഉച്ചകഴിഞ്ഞു് പള്ളിയിൽവച്ചുകൂടിയ വാർഷികയോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസ് അദ്ധ്യക്ഷതവഹിച്ചു. ഭദ്രാസനസെക്രട്ടറി ഫാ. സി. വി. ഏബ്രഹാം, സി. ഐ താരുമാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

75-ൽപരം കുട്ടികൾ പഠനം നടത്തിവരുന്ന ഈ ക്ളാസ്സിന്റെ കഴിഞ്ഞവർഷത്തെ പ്രവർത്തനറിപ്പോർട്ട് ജലജാരാജൻ അവതരിപ്പിച്ചു. ഫാ. കെ. സി. മോസസ് സ്വാഗതവും, ചിന്നമ്മവറുഗീസ് കൃതജ്ഞതയും പറഞ്ഞു.

ഹെറാൾഡ് ഫീച്ചർ

# സംഗീതത്തിന്റെ അന്തർധാരകൾ തേടി

''മരണവീട്ടിൽ നാം വിവാഹഗാനങ്ങൾ പാടാറുണ്ടോ?'' ഈ ചോദ്യം മററാരുടേതുമല്ല; റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാദമിയിലും, ലണ്ടനിലെ സെൻറ് ആൽബർട്ട്സ് മ്യൂസിക്ക് സ്കൂളിലും പഠിച്ചു് പാശ്ചാത്യ പൗരസ്ത്യസംഗീതത്തിന്റെ അന്തർധാരകളെ കണ്ടെത്തിയ ഡീ. എം. പി. ജോർജിന്റേതാണു്.

ആരാധനാ സംഗീതമെന്ന പേരിൽ ഓർത്തഡോക്സ് സഭയിലെ പള്ളികളിൽ കാട്ടിക്കൂട്ടുന്ന ശബ്ദഘോഷങ്ങളെ പരാമർശിച്ചു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

''ആരാധന എന്നതു് മനുഷ്യാത്മാവിനെ ദൈവസന്നിധിയിലേക്കു് ഉയർത്തിക്കൊണ്ടുവരുന്ന നിമിഷങ്ങളാണു്. ആ നിമിഷങ്ങളിൽ കേവലം ശബ്ദഘോഷപ്രളയത്തിൽ മുങ്ങിനഷ്ടമാവുയാണു് ഭക്തി. ആ സ്ഥിതി മാറണം; പകരം അവിടെ സ്വച്ഛന്ദനിർമ്മലമായ ഭക്തിയുടെ രാഗധാരകൾ പ്രവഹിക്കണം. എങ്കിലേ ആരാധന പൂർണ്ണതയിലെത്തിച്ചേരുകയുള്ളു.'' ഡീ: എം. പി ജോർജ്ജ് പറഞ്ഞു.

ചെറുപ്പകാലം മുതലേ സംഗീതത്തെ പ്രണയിച്ച അദ്ദേഹത്തിനു് സംഗീതത്തിന്റെ മാസ്മര അനുഭൂതികളിലൂടെ പ്രയാണം ചെയ്യുക മാത്രമല്ല അതിന്റെ ആത്മാവിനെ കണ്ടെത്തുക എന്ന ലക്ഷ്യം കൂടിയുണ്ടായിരുന്നു. അതിനായി സ്വന്തമായി ഗാനങ്ങൾ രചിച്ചു് അവയ്ക്കു് സംഗീതം പകർന്നു് സ്വയം പാടി, തന്റെ സൗഹൃദസദസ്സുകളെ തൃപ്തിപ്പെടുത്തി; ഒപ്പം സ്വഹൃദയത്തിന്റെ ഒരിക്കലും അടങ്ങാത്ത സംഗീതതൃഷ്ണയേയും.

ഡീ. എം. പി ജോർജിന്റെ സംഗീതോപാസനയ്ക്കും അഭിരുചിയ്ക്കും പ്രോത്സാഹനമേറുന്നതു് വൈദികസെമിനാരി വിദ്യാർത്ഥിയായി ചേർന്നതോടെയാണു്. അവിടുത്തെ സഹൃദയ സദസ്സിന്റെ പിന്തുണ അ



റുമേനിയൻ പാത്രിയർക്കീസ് മ്യൂസിക് സ്കൂളിന്റെ ഉദ്ഘാടനം നിർവഹിക്കുന്നു. സെമിനാരി പ്രിൻസിപ്പൽ സമീപം.

ദ്ദേഹത്തെ സംഗീതത്തിന്റെ താളലയ നിബദ്ധമായ ആത്മാവിൽ ഇഴകിച്ചേരുവാൻ പ്രേരിപ്പിച്ചു. അതു് ഭാരതീയ സംഗീതത്തിന്റെ സീമകളെയും ലംഘിച്ചു് സാർവ്വലൗകീക സംഗീതത്തിന്റെ രാഗധാരയിലലിയുവാൻ മോഹിച്ച അദ്ദേഹത്തിനു് പാശ്ചാത്യ സംഗീതത്തെ കണ്ടറിയുവാനുള്ള പ്രയാണത്തിനു് ഇന്ധനമേകി.

അദ്ദേഹം പോയി, റഷ്യയിൽ, ഇംഗ്ളണ്ടിൽ, ആ രാജ്യങ്ങളിൽ സ്ഥിതിചെയ്യുന്ന ലോകോത്തരങ്ങളായ സംഗീതകോളേജുകളിൽ പഠിച്ചു. പൗരസ്ത്യപാശ്ചാത്യക്ലാസ്സിക്ക് സംഗീതത്തെ കണ്ടറിഞ്ഞു, ഒരമൃതംപോലെ അനുഭവിച്ചു.

വർഷങ്ങൾ സംഗീതസപര്യക്കായി വിദേശരാജ്യങ്ങളിൽ പഠിച്ചു് ബിരുദവുമെടുത്തു് നാട്ടിലേക്കു മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു സ്വപ്നം പൊട്ടിമുളച്ചു. താൻ പഠിച്ച കാര്യങ്ങൾ മുഴുവൻ തന്റെ സഭയിലെ ആരാധനയെ ഭക്തിസാന്ദ്രമാക്കിത്തീർക്കുന്നതിനും, സംഗീതാത്മകമായി പരിപോഷിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുക.

ആ സ്വപ്നത്തെ മനസ്സി

(ശേഷം 3-ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6 1989 ഫെബ്രുവരി 24 ലക്കം 7

# തന്നിഷ്ടവുമൊരു ന്യായം

ആത്മീകമായി ചരിക്കാൻ ആഗ്രഹിക്കുന്നവരെ പിടികൂടുന്ന രണ്ട് ഇത്തിൾക്കണ്ണികളുണ്ട്-ഒന്ന്, ആത്മീയതയുടെ ഗർവ്വ്; രണ്ട്, താൻ ചിന്തിച്ചതും തീരുമാനിച്ചതും മാത്രം ശരി; അത് ദൈവീകമാകയാൽ ചോദ്യം ചെയ്യപ്പെടേണ്ടതല്ല എന്ന അഭിമതം. സൂക്ഷ്മമായി പരിശോധിച്ചാൽ 'കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെയും വ്രതന്മാരെയും തെററിക്കാൻ' ശ്രമിക്കുന്ന ശത്രു വിജയകരമായി പ്രയോഗിക്കുന്ന ഒളിയമ്പുകളാണ് ഇവ രണ്ടും എന്നു മനസ്സിലാകും. ഈ വിചാരഗതികൾ, നടപടികളിൽ വരുത്തുന്ന വ്യതിയാനങ്ങൾ ചിലപ്പോൾ അപ്രതീക്ഷിതങ്ങളായിരിക്കും. താരതമ്യേന ശാന്തശീലരും വിധേയപ്പെട്ടുകഴിഞ്ഞിരുന്ന അനുസരണശീലരുമായിരുന്നവരെ ഈ രോഗങ്ങൾ പിടികൂടുമ്പോൾ, സഹവാസം ചെയ്യുന്നവർക്കുപോലും അമ്പരപ്പുളവാക്കുന്ന രീതിയിലാണ് അവയുടെ വളർച്ചയും പ്രകടനവും.

എവിടെയാണിവയുടെ വേരുകൾ? ചില വ്യക്തികൾ കുറെക്കാലം, സർവ്വസ്വാതന്ത്ര്യമായി ചരിക്കാനാവാതെ 'അടിച്ചമർത്തപ്പെട്ട്' കഴിഞ്ഞിരുന്നു എന്നു തങ്ങളെത്തന്നെ കരുതിയേക്കാം. അക്കാലം കഴിഞ്ഞ് സ്വാതന്ത്ര്യപ്രവർത്തനങ്ങളുടെ സ്വച്ഛവായു അവരെ ഉന്മത്തരാക്കും. വലിയ ഏകാധിപതികളെപ്പോലെയാണ് പിന്നീട് അവരുടെ പെരുമാററങ്ങൾ. തങ്ങൾ 'അടിച്ചമർത്തപ്പെട്ടിരുന്ന'തിന്റെ തിരിച്ചടിയാണിത് എന്ന് ചിലർ ഇതിനെ വ്യാഖ്യാനിക്കും. തങ്ങൾക്കു ഹിതകരമല്ലാത്ത ചില അനുഭവങ്ങൾ ചിലരിൽനിന്നുണ്ടായാൽ പിന്നീട് ദീർഘകാലം അവരോടോ, അവരുടെ സഹവർത്തികളോടോ യുദ്ധമോ, നിഴൽയുദ്ധമോ നടത്താൻ അവർ തയ്യാറായേക്കും.

തങ്ങളും മോശക്കാരല്ല എന്ന് അന്യരെ ബോധ്യപ്പെടുത്താനുള്ള തത്രപ്പാടും ചിലപ്പോൾ ഇതിന്റെ പിന്നിൽ ഉണ്ടാവും.

ഗർവ്വുണ്ടാക്കുന്ന ഭക്തിയും ആത്മീകതയും, അവയെല്ലാം എത്ര ത്യാഗപൂർണ്ണമായാലും ഭൂഷണമല്ല. ആത്മീകതയിലുള്ള പുരോഗതി ഒരുവനെ കൂടുതൽ വിനയത്തിലേക്കും, അനുസരണത്തിലേക്കും, സ്വാഭിപ്രായ പരിത്യാഗത്തിലേക്കും നയിക്കേണ്ടതാണ്.

## ധ്യാനപീഠം

സ്വാഭിപ്രായ താല്പരതയാണ് ഗർവ്വിന്റെ കൂടപ്പിറപ്പ്. തന്റെ തീരുമാനങ്ങൾ 'വിശുദ്ധ'മാകയാൽ ഇളക്കാനാവാത്തതാണ്; ചുററുപാടുമുള്ള മനുഷ്യർ മോശക്കാരാണ് എന്നീ മനോഭാവങ്ങൾ തന്നിഷ്ടത്തിൽനിന്നും നിരന്തരമായി പുറത്തുവന്നുകൊണ്ടിരിക്കും. തന്നിഷ്ടംതന്നെ ഒരു ന്യായപ്രമാണമായി സ്ഥിരപ്പെടുന്നതു കാണുമ്പോൾ, സഹവാസികൾക്കു ഒരു സംഗതി വ്യക്തമാകും-രോഗം അത്യുച്ചാവസ്ഥയിൽ എത്തിയിരിക്കുന്നു! സ്വന്തമായി ചില തീരുമാനങ്ങൾ-പൊതുവായുള്ള കാര്യങ്ങളെപ്പററിത്തന്നെയാകട്ടെ-എടുത്തുകഴിഞ്ഞാൽ, ആരു പറഞ്ഞാലും അതിൽനിന്നും പിന്മാറാതെ 'ന്യായം' പറഞ്ഞുകൊണ്ടുനിൽക്കുന്നതിന്റെ പേര് 'ഭക്തി' എന്നല്ലല്ലോ. ചില പൊതുനടപടികളോടു മറുതലിച്ചും, നിസ്സഹകരിച്ചും കഴിഞ്ഞുകൂടിയിട്ട്, അതിനും ന്യായമായി 'ഇത്തരക്കാരുടെകൂടെ ഇങ്ങനെയൊക്കെയാണ് വേണ്ടതു്' എന്നു പറയുന്നയാൾ എത്ര ദിവ്യനാണെന്ന് ഉള്ളിൽ ചിന്തിച്ചുറച്ചാലും വെറും പൊള്ളയാണ്! അവരുടെ ഹൃദയത്തിലെ ഇരുട്ടും തന്നിഷ്ടവും എന്ന് ഇല്ലാതെയാകും?

പൊതുവിന്റെ സ്വാസ്ഥ്യത്തിനുവേണ്ടിയും, ഇടർച്ചകൾ ഒഴിവാക്കുന്നതിനും, ചിലപ്പോഴൊക്കെ സ്വന്ത അഭിപ്രായം ബലികഴിക്കാൻ തയ്യാറാകുന്നതു് വിനയത്തിന്റെ യഥാർത്ഥ ദൈവഭക്തിയുടെയും ലക്ഷണമാണ്.

**പ്രാർത്ഥന:** ദൈവമെ ഞങ്ങൾ വിനയത്തിലും വിശുദ്ധിയിലും വളർന്ന് നിന്നെ അനുകരിക്കുന്നവരായിത്തീരണമെ. ഗർവ്വും സ്വാർത്ഥതയും, തന്നിഷ്ടവും ഞങ്ങളിൽനിന്നും അകററി ഞങ്ങളെ യഥാർത്ഥദൈവീകജീവിതമുള്ളവരാക്കിത്തീർക്കേണമേ! 'നിന്റെ സൗമ്യത ഞങ്ങളെ വലിയവരാക്കിത്തീർക്കുന്നു.'

**ചിന്താവിഷയം**—ശ്ഹീമാ നമസ്ക്കാരം-വ്യാഴാഴ്ച മൂന്നാംമണി

''.... ദുഷ്ക്കർമ്മങ്ങളിലുത്സുകനാം
ഞാൻ മരണത്തിൻ കാര്യമതോർത്തില്ല.
ഞാൻ ന്യായത്തിൽ സംഹിതയെ നിന്ദിച്ചയ്യോ
തന്നിഷ്ടത്തെ ന്യായാവലിയാക്കി —''

ഫാ. ജേക്കബ് ചെറിയാൻ



# ക്രിസ്താനുകരണം

തോമസ് എ. കെംപിസ്

വിവ. പ്രൊ: കെ. വി. തമ്പി

ഞാൻ നിന്നെ സേവിക്കുന്നതിലേറെ നീയെന്നെ സേവിക്കുന്നു എന്നതാകുന്നു സത്യം. കാണുക, മനുഷ്യോപകാരത്തിനായി നീ സൃഷ്ടിച്ച സ്വർഗ്ഗവും ഭൂമിയും നിന്റെ വിളിക്ക് ചെവി നൽകാൻ കാത്തുനില്ക്കുന്നു. അവ നിന്റെ ആജ്ഞയെ അനുദിനം അനുഷ്ഠിക്കുന്നു. അതിലുമേറെ മനുഷ്യരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ നീ മാലാഖമാരെപ്പോലും നിയമിച്ചുവല്ലോ. എന്നാൽ മനുഷ്യരെ സ്വയം സേവിക്കുവാൻ നീ താഴ്മയോടെ വന്നുവെന്നതും, അവന്നായി നിന്നെത്തന്നെ നൽകുമെന്ന് പ്രതിജ്ഞചെയ്തുവെന്നതും മറെറല്ലാററിനേയും അതിശയിക്കുന്നതാകുന്നു.

അസംഖ്യേയമായ ഈ പാരിതോഷികങ്ങൾക്കെല്ലാം പകരം ഞാനെന്തു നൽകും? എന്റെ ജന്മത്തിന്റെ അഖില വാസരങ്ങളിലും നിന്നെ സേവിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നുവെങ്കിൽ നീയർഹിക്കുന്ന സേവനം ഒരു ദിവസമെങ്കിലും നിനക്ക് സമർപ്പിക്കുവാൻ എനിക്കു സാധിച്ചിരുന്നുവെങ്കിൽ! എല്ലാ സേവനത്തിനും എല്ലാ ബഹുമാനത്തിനും ശാശ്വത സ്തുതിക്കും നീ അർഹനാകുന്നു. സത്യമായി നീയാകുന്നു എന്റെ ദൈവം; ഞാനാകുന്നു നിന്റെ എളിയ ദാസൻ. എന്റെ സമസ്തശക്തിയുംകൊണ്ട് നിന്നെ സേവിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാകുന്നു; നിനക്ക് സ്തുതികൊണ്ടുവരുന്നതിൽ ഞാൻ ഒരിക്കലും ക്ഷീണിക്കുന്നില്ല. അതാണല്ലോ ഞാൻ അഭിലഷിക്കുന്നതു്; ഞാൻ ആഗ്രഹിക്കുന്നതു്. എനിക്കില്ലാത്തതു് നീ നിന്റെ കൃപയാൽ ദാനം ചെയ്താലും.

നിന്നെ സേവിക്കുന്നതും നിനക്കായി സമസ്തവസ്തുക്കളേയും അർത്ഥശൂന്യമെന്ന് കണ്ട് ഉപേക്ഷിക്കുന്നതും മഹത്തായ പുരസ്ക്കാരവും മഹത്തായ സ്തുതിയുമാകുന്നു. എന്തെന്നാൽ സ്വതന്ത്ര്യേച്ഛ അനുസരിച്ച് നിന്റെ വിശുദ്ധസേവനത്തിനായി സമർപ്പിതരാകുന്നവർ മഹാപ്രസാദത്തെ സ്വീകരിക്കുന്നവരാകുന്നു. നിന്റെ സ്നേഹത്തിനുവേണ്ടി ഈ ഭൗമീക ആനന്ദങ്ങളെയെല്ലാം തിരസ്കരിക്കുന്നവർ പരിശുദ്ധാത്മാവിന്റെ മധുരസൗഖ്യത്തെ കണ്ടെത്തും: നിനക്കുവേണ്ടി ഇടുങ്ങിയ വഴിയിലേക്ക് ചുവടുവെയ്ക്കുകയും, ഈ ലോകത്തിലെ യാതൊന്നിനേയും ഗണിക്കാതിരിക്കുകയും ചെയ്യുന്നവർ ആന്തരികമായ മഹാസ്വാതന്ത്ര്യം ആകും.

യഥാർത്ഥമായ വിശുദ്ധിയും സ്വാതന്ത്ര്യവും ആനയിക്കുംവണ്ണം ഇങ്ങനെ ദൈവത്തെ സേവിക്കുന്നതു് എത്ര ആമോദവും ആനന്ദവുമാണ്. ഒരു സഭാവ്യവസ്ഥയിൽ ദൈവദാസനായി കഴിയുക എന്നതു് എത്ര വിശുദ്ധമായ കാര്യമാണ്, എന്തെന്നാൽ അതു് ഒരു മനുഷ്യനെ മാലാഖമാർക്ക് തുല്യനും ദൈവത്തിന് സ്വീകാര്യനും ആക്കുന്നു. പൈശാചികതന്മാർക്ക് ഭയങ്കരനും വിശ്വാസികൾക്കെല്ലാം ആദരണീയനും ആകുന്നു; അത്തരം ഒരു ദാസ്യം അഭിലഷണീയമാണ്; അഭികാമ്യമായ ഒരു കാര്യമാണ്; എന്തെന്നാൽ അതിനാൽ സർവ്വോന്നതമായ നന്മനേടുന്നു; ശാശ്വതമായ ആമോദത്തെ പ്രാപിക്കുന്നു.

## പത്രാധിപക്കുള്ള കത്ത്

1989 ഫെബ്രുവരി 3-10 ലെ വാരിക കിട്ടി. അതിൽ ഒരു മർത്തമറിയം സമാജം ഭദ്രാസന സെക്രട്ടറിയെ പരിചയപ്പെടുത്തി. ഫോട്ടോ സഹിതം, വളരെ നന്ന്. എന്നാൽ നമ്മുടെ സഭയിൽ സ്ത്രീകൾ പൊട്ട് ഇടുന്നതിന് പലപ്പോഴും എതിർത്തുകൊണ്ടുള്ള പ്രസംഗങ്ങളും ഞാൻ കേട്ടിട്ടുണ്ട്. കൂടാതെ ഹെറാൾഡിൽക്കൂടി ഇതുപോലുള്ള ഫോട്ടോ ഇടുമ്പോൾ നമ്മുടെ സഭയുടെ സംസ്ക്കാരം പൊതുവെ മാറിപ്പോകുകയില്ലേ. അതോ എന്റെ നിലവാരം ഒരു നൂററാണ്ട് പുറകോട്ടു പോകയാണോ എന്ന് സംശയിക്കുന്നു. ഇത്തരം ഫോട്ടോയ്ക്ക് പകരം നല്ല ഒരു കുരിശുമാല ഇട്ടിട്ടുള്ള ഒരു ഫോട്ടോ ഇടുന്നതല്ലേ കുറച്ചുകൂടി അഭിമാനം.

കെ. ടി. ജേക്കബ്
റൂർക്കല

## പ്രാർത്ഥനാവലയം

(1-ാംപേജിൽനിന്നും തുടർച്ച)

ന്റെ ചിലവുകൾ അത്ഭുതകരമായി നടത്തിയതിൽ ദൈവത്തെ സ്തുതിക്കുന്നു. ഈ പ്രാർത്ഥനാവലയത്തിൽ ചേരുന്നവർക്ക് യാതൊരു സാമ്പത്തികബാദ്ധ്യതയും ഇതുമൂലം വരുന്നതല്ലെന്ന് അറിയിക്കുന്നു. ഇതിന് മാസവരിയോ, ഏതെങ്കിലും ഫീസോ, നിങ്ങളോട് ആവശ്യപ്പെടുന്നതല്ല. ഇന്നുവരെയുള്ള ഇതിന്റെ ചിലവിന്, ദശാംശം ദൈവവേലയ്ക്കായി മാററി, ചോദിക്കാതെ തന്നെ രഹസ്യമായി കൊടുക്കുന്ന ചില വിശ്വാസികളുടെ കൈവശം കരുതിയിരുന്നതു് ഉപയോഗിച്ച കർത്താവുതന്നെ, ഇതിന്റെ ഭാവി ആവശ്യങ്ങളും അങ്ങനെ നടത്തുമെന്നുറപ്പുള്ളതുകൊണ്ട്, പണം ഈ പ്രാർത്ഥനാവലയത്തിൽ ഒരു ചിന്താവിഷയമോ? ഒരു തടസ്സമോ ആയിത്തീരാതിരിക്കട്ടെ.

ഒരേസമയത്ത് പലർ ഒരുമനപ്പെട്ട് ഒരേ ആത്മാവിൽ, പല ഇടങ്ങളിൽ ഇരുന്ന് പ്രാർത്ഥിക്കുന്നതിന്, അസാധാരണമായ ശക്തിയും, ഫലവും, ഉണ്ടെന്നുള്ള കേൾവി സത്യമാണോയെന്ന് അനുഭവിച്ചറിയുവാൻ ആഗ്രഹമുള്ളവർമാത്രം പ്രാർത്ഥനാവലയത്തിൽ പേരുകൾ അയച്ചാൽ മതിയാകും. പ്രാർത്ഥനാവലയത്തിൽ ചേരാത്തവരും, പേര് അയച്ചുതരാത്തവരും, രഹസ്യമായി നടത്തുന്ന ഫലപ്രദമായ പ്രാർത്ഥനകൾക്ക് നന്ദിയും, അഭിനന്ദനങ്ങളും രേഖപ്പെടുത്തി, ദൈവത്തെ സ്തുതിക്കുന്നു. ഹെറാൾഡ് വായിക്കുന്നവരെല്ലാം പ്രാർത്ഥനാവലയത്തിന്റെ അംഗങ്ങളായി പരിഗണിക്കപ്പെടുന്നു. നമുക്ക് സഭയിലെ മറെറല്ലാ വിശ്വാസികളോടും ആത്മാവിൽ ഒന്നുചേർന്ന് എല്ലാ ദിവസവും രാവിലെയും വൈകിട്ടും ഒരു പ്രത്യേക സമയം മൗനമായി, നമ്മുടെ പ്രശ്നങ്ങളാകുന്ന യരിഹോ കോട്ടയ്ക്കുചുററും ഒന്നു വലംവയ്ക്കാൻ അവസരം ലഭിക്കുന്നു [6 a.m 8 a.m, & 9 p.m.] ഇങ്ങനെ ഇടദിവസങ്ങളിൽ ആവർത്തിച്ചിട്ട് ഞായറാഴ്ച പള്ളിയിൽ ചെല്ലുമ്പോൾ, വിശുദ്ധ കുർബ്ബാനയ്ക്കുള്ള പ്രതിവാക്യങ്ങൾ ശബ്ദത്തിൽ ഒരുമനപ്പെട്ട് ചൊല്ലി, ആത്മാവിൽ ദൈവത്തെ ആരാധിക്കുമ്പോൾ, നമ്മുടെ പ്രശ്നങ്ങളാകുന്ന യരീഹോ കോട്ടകൾ അത്ഭുതകരമായി തകരന്ന്, നമ്മുടെ സീയോൻയാത്ര സുഗമമാകട്ടെ. പ്രാർത്ഥനാവലയം, സഭാംഗങ്ങളെ ആരാധനയ്ക്ക് ഒരുക്കുന്ന ഒരു വേദിയായിത്തീരട്ടെ. അങ്ങനെ തമ്മിൽ തമ്മിൽ ഭാരങ്ങളെ വഹിച്ച് യേശുവിന്റെ അടുത്ത് ചെല്ലാം.

എല്ലാ അംഗങ്ങളാലും ഒരേ സമയം ഓർക്കപ്പെടേണ്ട വിഷയങ്ങൾ ഉള്ളവർമാത്രം കത്തെഴുതുക. എഴുതുന്ന കത്തിലെ രഹസ്യങ്ങൾ ഭദ്രമായി സൂക്ഷിച്ച്, പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനാവിഷയങ്ങളുടെ ചുരുക്കം ഓഫീസിൽ അറിയിക്കുവാനും, എല്ലാവരേയും വിശുദ്ധ കുർബ്ബാനയിൽ ഓർക്കുവാനും, എല്ലാദിവസവും വിശുദ്ധ കുർബാനയുള്ള മാർ കുറിയാക്കോസ് ആശ്രമത്തെ ഭരമേല്പിച്ചിരിക്കുന്നു.

കത്തുകൾ അയയ്ക്കുന്നവർ
പ്രാർത്ഥനാവലയം സെക്രട്ടറി
മാർ കുറിയാക്കോസ് ആശ്രമം
മൈലപ്രാ P.O.
പത്തനംതിട്ട–689 671
എന്ന വിലാസത്തിൽ അയക്കുക
Phone No. 04751–2295

അമേരിക്കയിൽ പണത്തിന്റെ നേരിട്ടുള്ള വിനിമയം ഏറെ ആവശ്യമായി വരുന്നില്ല. സ്ഥിരജോലിയുള്ളവർക്ക് ബാങ്കിന്റെയുംമിക്ക വൻകിട കടകളുടെയും മററു സ്ഥാപനങ്ങളുടെയും ക്രെഡിററ് കാർഡുകൾ ഉണ്ടാവും. വൻകിട കടകൾ ഒരേ പേരിലുള്ള ശൃംഖലകൾ ആയിരിക്കും. അവ ഓരോ സിററികളിലും ഉണ്ടാവും. അവിടെ ഒരു കുടുംബത്തിനാവശ്യമായ എല്ലാ സാധനങ്ങളും ഉണ്ട് എന്നുള്ളതാണ് സവിശേഷത. ഇത്തരം കടകൾ നമുക്കു പരിചയമുള്ള ഷോപ്പിംഗ് കോംപ്ളക്സുകളെക്കാൾ ഭീമാകാരങ്ങളാണ്.

ഉപയോക്താക്കൾക്ക് ക്രെഡിററ് കാർഡുകൾ ഇത്തരം സ്ഥാപനങ്ങൾ നൽകുന്നതുകൊണ്ട് ഒരേ മാനേജുമെന്റിനുതന്നെ സ്ഥിരം ഉപയോക്താക്കളെ ലഭിക്കുന്നു എന്നത് കച്ചവടത്തെ ഏറെ വളർത്തുകയും ചെയ്യുന്നു.

സാധനങ്ങൾ വാങ്ങി കംപ്യൂട്ടർവഴി കാർഡിൽ ചാർജ്

## അമേരിക്കയിലൂടെ–8

# വില്ക്കാനുണ്ട് പള്ളികൾ

**ഷേബാലി**

ചെയ്താൽ ഉപയോക്താവിന് വീട്ടുപററാം. മാസാവസാനം അയയ്ക്കുന്ന ബിൽതുക ചെക്കായി അയച്ചുകൊടുത്താൽ മതിയാകും.

കടകളിൽ ട്രോളികൾ വലിച്ച് ഇഷ്ടമുള്ള സാധനങ്ങൾ ശേഖരിച്ച് കൗണ്ടറിൽ ഏല്പിക്കുകമാത്രമേ വേണ്ടു.

സാധനത്തിന്റെ പേരും വിലയും അതു പാക്ക്ചെയ്തിട്ടുള്ള പൊതിയിൽ കംപ്യൂട്ടർ വഴി രേഖപ്പെടുത്തിയിരിക്കുകയാണ്. കൗണ്ടറിലുള്ളവർ സ്കാനിംഗ് മെഷീനിനുമുകളിലൂടെ നീക്കി സഞ്ചികളിലാക്കുമ്പോൾ സാധനത്തിന്റെ പേരും വിലയും കംപ്യൂട്ടർ രേഖപ്പെടുത്തിക്കൊണ്ടിരിക്കും. സ്കാനിംഗിനു വിധേയമാകുന്നതോടെ അതിലെ കോഡും നശിക്കുന്നു അതുകൊണ്ട് സ്കാനിംഗ്മെഷീനിനു മുകളിലൂടെ വിവരം രേഖപ്പെടുത്തിക്കാതെ എന്തെങ്കിലും സാധനം മോഷണവസ്തുവായി കടത്തിയാൽ പുറത്തേക്കിറങ്ങുമ്പോൾ കോഡുകൾ മറെറാരു ഇലക്ട്രോണിക്ക് ഉപകരണവുമായി പ്രതിപ്രവർത്തിച്ച് അലാറം അടിപ്പിക്കുന്നു. സെക്യൂരിററികൾക്ക് ആളെ പിടികൂടാൻ പിന്നെ വൈകേണ്ടല്ലോ. അമേരിക്ക സത്യസന്ധന്മാരുടെ നാടാണ്.

കംപ്യൂട്ടർ സംവിധാനം മനുഷ്യന്റെ മോഷണവാസനയെ കുറയ്ക്കുന്നു എന്നതാണ് അതിന്റെ നന്മ.

ഇത്തരം ഒരു കടയിൽവച്ച് രസകരമായ ഒരുസംഭവം കാണുവാൻ ഈ ലേഖകനു സാധിച്ചു.

ഒരു കൊച്ചുകുട്ടിയും അമ്മയും സാധനങ്ങൾ വാങ്ങി പുറത്തിറങ്ങുമ്പോൾ ആ അമ്മ രഹസ്യമായി കൗണ്ടറിലുള്ള സെയിൽസ്ഗേളിനോട് എന്തോ പറയുന്നതു കണ്ടു അവർ പുറത്തേക്കിറങ്ങുമ്പോഴേക്കും അലാറം ഉച്ചത്തിൽ മുഴങ്ങിത്തുടങ്ങി. കൊച്ചുകുട്ടി അമ്മയറിയാതെ പോക്കററിലൊളിപ്പിച്ച ഒരു കളിപ്പാട്ടമാണ് കുഴപ്പമുണ്ടാക്കിയത്. അത് അമ്മ ശ്രദ്ധിച്ചില്ലെന്നാണ് കുട്ടികരുതിയതും. മോഷണം കുററകരമാണെന്ന് അനുഭവത്തിലൂടെ മനസിലാക്കുവാൻ അമ്മ ആ അവസരം വിനിയോഗിക്കുകയായിരുന്നു കുട്ടിയെ ശാസിക്കാതെ അവർ ആ വിവരം കൗണ്ടറിലുള്ളവരെ അറിയിക്കുകയും അലാറമനുസരിച്ച് കുട്ടിയെ പിടികൂടി താക്കീതു ചെയ്യുവാൻ അവസരം നല്കുകയും ചെയ്തു. പരിഭ്രമത്തിലാണ്ട കുട്ടിയെ പുറത്തിറങ്ങുമ്പോൾ–മോഷണം കുററകരമാണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുന്നതും കണ്ടു. എന്തായാലും ഇനി ആ കുട്ടി ഇത്തരം ഒരു പരീക്ഷണം നടത്തുവാൻ ശ്രമിക്കുമോ? നമ്മുടെ നാട്ടിലാണെങ്കിൽ അമ്മയ്ക്കു നാണക്കേടായി. പുറത്തു നാലുപേരറിയാതിരിക്കാൻ സംഗതികൾ ഗോപ്യമായി വയ്ക്കുകയായി.

പെട്രോളിന് ഇവിടെ ഗ്യാസ് എന്നു പറയുന്നു. ഗ്യാസ് സ്റ്റേഷനുകളിൽനിന്നു് ആവശ്യക്കാരൻതന്നെ ഗ്യാസ് നിറയ്ക്കുകയാണ് പതിവ് ടാങ്കുനിറയുമ്പോൾ താനെതന്നെ പമ്പ് നിശ്ചലമാകും.

(ശേഷം 4-ാംപേജിൽ)

## സംഗീതത്തിന്റെ...

**ഫീച്ചർ**

ലിട്ട് താലോലിച്ച് അതിന്റെ സാക്ഷാത്ക്കാരത്തിന് മാർഗ്ഗമന്വേഷിക്കുമ്പോഴാണ് മലങ്കരയുടെ പരമാദ്ധ്യക്ഷൻ പ: ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സ് സഭയിലെ ആരാധനാ ഗീതങ്ങളെ പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചതു്. അതുപോലെ സഭയ്ക്കു് പ്രത്യേകമായി ഒരു സംഗീതവിഭാഗം ഉണ്ടാവണമെന്നും പ: തിരുമനസ്സ് ആഗ്രഹിച്ചു.



മ്യൂസിക് സ്കൂളിന്റെ ഉദ്ഘാടനവേദി, ഡീക്കൻ എം. പി. ജോർജ് രചിച്ച് ഈണം നൽകിയ ഒരു ഭജനകീർത്തനാലാപം.



റഷ്യയിൽ ഒരു വേദിയിൽ ഡീക്കൻ എം. പി. ജോർജ് പാടുന്നു.



ലണ്ടനിൽ ഒരു സംഗീത സംവിധാനം നിർവ്വഹിച്ചുകൊണ്ട് ഡീക്കൻ എം. പി.

അതേ അവസരത്തിൽത്തന്നെ വൈദിക സെമിനാരി പ്രിൻസിപ്പലായ ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും സെമിനാരിയോടു് ചേർന്ന് ഒരു സംഗീതപഠനകേന്ദ്രം ഉണ്ടാകുവാൻ ആഗ്രഹിച്ചു.

ഈ രണ്ടാഗ്രഹങ്ങളുടേയും ഒരുസംയോഗമായി ഇതാ 'സ്കൂൾ ഓഫ് ലിററർജിക്കൽ മ്യൂസിക്'' ആരംഭിച്ചിരിക്കുന്നു.

കോട്ടയം വൈദിക സെമിനാരിയുടെ ഒരു വിഭാഗമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സ്കൂൾ ഓഫ്ലിററർജിക്കൽ മ്യൂസിക്കിന്റെ ഡയറക്ടർ ഫാ: ടി. ജെ ജോഷ്വാ ആണ്. കോ-ഓർഡിനേററും പ്രധാന അദ്ധ്യാപകനും ഡീ: എം. ജോർജ്ജ് തന്നെ.

സംഗീതത്തിൽ വാസനയും അഭിരുചിയുമുള്ള ഓർത്തഡോക്സ് സഭയിലെ അംഗങ്ങൾക്ക് ആരാധനാ സംഗീതത്തിൽ പരിശീലനം നൽകുകയാണ് മ്യൂസിക് സ്കൂളിന്റെ ലക്ഷ്യം. ഇവിടെനിന്നു് പരിശീലനം നേടുന്നവർ ഇടവകകളിൽ ഗായകസംഘം രൂപീകരിച്ച് അവിടെ പരിശീലനം നൽകണം.

ഭാരതീയ ഭാരതേതര പൗരസ്ത്യ ആരാധന സംഗീതത്തിൽ ഗവേഷണപഠന സൗകര്യങ്ങൾവരെ വാഗ്ദാനം ചെയ്യുന്ന ഈ സ്ഥാപനത്തിൽ പാശ്ചാത്യവും പൗരസ്ത്യവുമായ സംഗീതമുറകൾ അഭ്യസിപ്പിക്കുന്നു.

സഭയുടെ സംഗീതജീവിതത്തിന്റെ മേഖലകളായ പെരുന്നാളുകൾ, കുടുംബാരാധന, സമൂഹാരാധന, മററ് പ്രത്യേക അവസരങ്ങൾ തുടങ്ങിയവയ്ക്ക് അനുയോജ്യമായ ആരാധനാ ശൈലിയും സംഗീതവും ഇവിടെ പുനരുദ്ധരിക്കുന്നു.



ബോംബെ ഭദ്രാസന കൊയറിനെ ഡീക്കൻ എം. പി. പരിശീലിപ്പിക്കുന്നു.

ആരാധന കൂടാതെ മററ് അവസരങ്ങളിലുമെല്ലാം ഉപയോഗിക്കത്തക്കവിധത്തിൽ അംഗീകൃത സംഗീതോപകരണങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നു. (പ്രത്യേകിച്ചും ഓർഗൻ).

ആരാധനാഗീതങ്ങൾ മററു ക്രൈസ്തവഗാനങ്ങൾ എന്നിവ വിവിധ വേദികളിൽ ഉപയോഗിക്കത്തക്ക വിധത്തിൽ ഓഡിയോ–വീഡിയോ കാസററുകൾ റിക്കാർഡു ചെയ്യുവാനും ആരാധനസംഗീതവുമായി ബന്ധപ്പെട്ട് സാഹിത്യകൃതികൾ സൃഷ്ടിക്കുവാനും പ്രസിദ്ധീകരിക്കുവാനും, അതുവഴി ഓർത്തഡോക്സ് ആരാധനയ്ക്ക് ഒരു നവചൈതന്യം സൃഷ്ടിക്കുവാനും ഈ സ്കൂളിനു കഴിയും.

**തയ്യാറാക്കിയതു് ജോൺ കുക്കാട്ട്**

# വനിതാസമാജം ക്യാമ്പ്

കണ്ണൂർ: മലബാർ ഭദ്രാസനം മർത്തമറിയം വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി, 13, 14 തീയതികളിൽ കണ്ണൂർ സെന്റ് തോമസ്പള്ളിയിൽവെച്ച് ദ്വിദിനക്യാമ്പ് നടത്തി.

ക്യാമ്പിന്റെ ഉദ്ഘാടനം 13 വെള്ളിയാഴ്ച മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ജില്ലാ പോലീസ് സൂപ്രണ്ടു് അലക്സാണ്ടർ ജേക്കബ് നിർവഹിച്ചു.

മാർ ബർന്നബാസ് മെത്രാപ്പോലീത്താ, ഡയാനാഗോഡ്റിക്ക്, ഡോ. എം. മാത്യു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

സമാപനസമ്മേളനത്തിൽ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. എസ്. പി. അലക്സാണ്ടർ ജേക്കബ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സമാജം സെന്റർ ഡവലപ്പ്മെന്റ് ഫണ്ടിന്റെ ഉദ്ഘാടനം മാത്യൂസ് മാർ ബന്നബാസ് മെത്രാപ്പോലീത്താ നിർവഹിച്ചു. ഫാ. വർഗീസ് പുന്നക്കൊമ്പിൽ, സിസ്റ്റർ ബർക്കുമെൻസ്, ജേക്കബ് കുററിയിൽ, സി. എ. ജോർജ് എന്നിവർ പ്രസംഗിച്ചു. അന്നമ്മ ഫിലിപ്പ് സ്വാഗതവും ആനി കുരുവിള നന്ദിയുംപറഞ്ഞു.

# 1906ലെ സഭാ പഞ്ചാംഗവും

# കാരുചിറ ഗീവർഗീസ് റമ്പാനും

എം. കുര്യൻ തോമസ്

വളരെ ചരിത്രപ്രാധാന്യമുള്ള ഒരു പ്രസിദ്ധീകരണമാണ് 1906 ലെ സഭാ പഞ്ചാംഗം. മലങ്കരയിലെ രണ്ടാം കാതോലിസ്സായായി പിന്നീട് വാഴിക്കപ്പെട്ട വാകത്താനം ഗീവർഗീസ് റമ്പാൻ (വള്ളിക്കാട്ട് ദയറാ) ആണ്, ഈ പഞ്ചാംഗം പ്രസിദ്ധീകരിച്ചത്. 'മററുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്ന നമ്മിൽ മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷണാർത്ഥം ഒന്നു പ്രസിദ്ധപ്പെടുത്തുന്നു' എന്ന് 1906 ധനു മൂപ്പത് എന്നു തീയതിവച്ചിട്ടുള്ള പഞ്ചാംഗത്തിന്റെ മുഖവുരയിൽ പറയുന്നു. ഈ പഞ്ചാംഗത്തിൽ സമ്പൂർണ്ണമായ വിവരങ്ങൾ ചേർക്കാൻ സാധിച്ചിട്ടില്ലെന്നും തെററുകൾ വന്നിരിക്കാമെന്നും അവ അടുത്തവർഷം പൂർത്തീകരിച്ചുകൊള്ളാമെന്നും മുഖവുരയിൽ പറയുന്നുണ്ടെങ്കിലും പിന്നീടൊരിക്കലും ഇത്തരമൊരു കൃതി പ്രസിദ്ധീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടില്ല.

സഭയുടെ 'ഇയർബുക്ക്' എന്ന നിലയിൽ സംവിധാനംചെയ്യപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും മുകൾഭാഗത്ത് ആ പേജിലെ വിവരണവുമായി ബന്ധമുള്ള ഓരോ വേദവാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ദയറായക്കാരെപ്പററിയുള്ള വിവരണത്തിനുമുകളിൽ എബ്രാ: 11:38– 'ഇവർ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നുവലഞ്ഞു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല'– എന്നുചേർത്തിരിക്കുന്നു. മാനേജിംഗ് കമ്മററിമെമ്പർമാരുടെ പേരിനുമുകളിലാകട്ടെ 'ഈ സംഗതിയെക്കുറിച്ചു വിചാരിപ്പാൻ അപ്പോസ്തോലന്മാരും മൂപ്പന്മാരും വന്നുകൂടി' (അപ്പോ:പ്രവത്തികൾ 15:6) എന്ന വാക്യം ചേത്തിരിക്കുന്നു. മുഖവുരയ്ക്കുശേഷം 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ... ...' 'കൃപനിറഞ്ഞ മറിയമേ ..' എന്നീ പ്രാർത്ഥനകളുടെ പദ്യരൂപമാണ്. ബ്രിട്ടീഷ് ചക്രവർത്തി, തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരുടെ പേരുവിവരമാണ് അടുത്ത പുറത്ത്.

അക്കാലത്തെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേരും വിവരണവുമാണ് അടുത്തത്. തുടർന്നുള്ള പേജിലാണ് ഈ ഗ്രന്ഥത്തിലെ ഏക ചിത്രം ചേത്തിരിക്കുന്നത്. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്യാസ്യോസ് മെത്രാപ്പോലീത്തായുടെ ചിത്രം കൂട്ടത്തിൽ അദ്ദേഹത്തെപ്പററിയുള്ള വിവരണമുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ ഭരിച്ചുകൊണ്ടിരുന്ന കോട്ടയം, അങ്കമാലി ഇടവകകളുടെ പൗലൂസ് മാർ അത്താനാസ്യോസ്, കണ്ടനാട് ഇടവകയുടെ പൗലൂസ് മാർ ഈവാനിയോസ് (പിന്നീട് മലങ്കരയിലെ ഒന്നാം കാതോലിസ്സാ) എന്നിവരുടെ പേരു വിവരമാണ് അടുത്ത പേജിൽ.

പഞ്ചാംഗത്തിലെ ഒന്ന് എന്ന് നമ്പരിട്ടിരിക്കുന്നപേജിൽ ഇതഃപര്യന്തം മലങ്കരയെ ഭരിച്ച മെത്രാന്മാരുടെ പേരുകളാണ്. മാർതോമാശ്ളീഹായിൽ തുടങ്ങുന്ന ഈ ലിസ്റ്റിൽ പകലോമററം അർക്കദിയോക്കൻമാർ (1653 വരെ), നെസ്തോർ മെത്രാൻമാർ (1599 വരെ) ലത്തീൻ മെത്രാൻമാർ (1599–1653) മലങ്കര മെത്രാപ്പോലീത്താമാർ (1653 മുതൽ) ഇവരെ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കിടങ്ങൻ മാർ പീലക്സിനോസും (തോഴിയൂർ) പാലക്കുന്നത്തു് മാത്യൂസ് മാർ അത്താനാസ്യോസും ഉൾപ്പെട്ട ഈ ലിസ്റ്റിൽ ഒരൊററ 'ശീമബാവായും' 1653 നുശേഷം പ്രത്യക്ഷപ്പെടുന്നില്ല. വിവിധ കാലങ്ങളിൽ മലങ്കര എത്തിയ സിറിയൻ മെത്രാന്മാരുടെ പേരുകളും പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് പട്ടം കൊടുത്തവരിൽ കാലം ചെയ്ത നാലു ഇടവക മെത്രാപ്പോലീത്താമാരുടെയും പേരുകൾ അടുത്ത പുറത്തു് പ്രത്യേകം പ്രത്യേകം ചേർത്തിട്ടുണ്ട്.

## അക്കാലത്തെ മലങ്കര സഭ

അക്കാലത്തെ മലങ്കരസഭയിൽ ഏഴു റമ്പാൻമാരുണ്ടായിരുന്നു. വലിയ പൗലൂസ് റമ്പാൻ (പൗലോസ് മാർ കൂറിലോസ്) ഗീവറുഗീസ് റമ്പാൻ (വട്ടശേരിൽ മാർ ദീവന്യാസ്യോസ്), കൊച്ചുപൗലൂസ് റമ്പാൻ (പൗലൂസ് മാർ അത്താനാസ്യോസ്), വാകത്താനം ഗീവറുഗീസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് I), പുന്നൂസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് II), വടകര ഗീവർഗീസ് റമ്പാൻ, കുറിയാക്കോസ് റമ്പാൻ (കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്) എന്നിവരായിരുന്നു അവർ. നാലു വൈദികസെമിനാരികൾ പ്രവത്തിക്കുണ്ടായിരുന്നു (കോട്ടയത്തു് പഴയസെമിനാരി, ആലുവാ, പാമ്പാക്കുട, പരുമല) ഇവയിൽ അദ്ധ്യാപനം നടത്തുന്നആറു് മല്പാന്മാരുമുണ്ടായിരുന്നു.

അക്കാലത്തു് മലങ്കരസഭയ്ക്കു് കേവലം ആറു് പൊതുസ്ഥാപനങ്ങളേ ഉണ്ടായിരുന്നുള്ളു. അവ

1 വെട്ടിയ്ക്കൽ ദയറാ
2 തൃപ്പൂണിത്തുറ ബെസ്സ് സ്ലൂസോ
3 മൂവാററുപുഴ സത്രം
4 കൊട്ടാരക്കര സത്രം
5 കുന്ദംകുളം സെഹിയോൻ ബംഗ്ളാവ്
6 തിരുവനന്തപുരം പള്ളിയും കെട്ടിടങ്ങളും

പഞ്ചാംഗത്തിന്റെ 13 മുതൽ 16 വരെയുള്ള പേജുകളിൽ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിൽ കീഴിലുള്ള 314 പള്ളികളുടെ പേരുകൾ ചേർത്തിരിക്കുന്നു. അവയിൽ ബ്രിട്ടീഷ് ഇന്ത്യയിൽ 3, കൊച്ചിയിൽ 25, തിരുവിതാംകൂറിൽ 286 പള്ളികൾ വീതമാണുള്ളത്. ഈ പള്ളികൾ ആരുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്നു എന്നും അവയുടെ വികാരിമാരുടെ പേരും ചേർക്കണമെന്നുണ്ടെങ്കിലും അവ ലഭ്യമല്ലാത്തതിനാൽ ചേർത്തിട്ടില്ലെന്നും അടുത്ത പതിപ്പിൽ ചേർക്കാമെന്നും ഈ ലിസ്റ്റിന്റെ അവസാനം ഒരു കുറിപ്പ് കാണുന്നുണ്ട്.

കൂടാതെ മലങ്കരസഭ വകയായി അക്കാലത്തു് 3 ഇംഗ്ലീഷ് ഹൈസ്കൂളുകൾ 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ 200 മലയാളം പ്രൈമറി സ്കൂളുകൾ 2 പെൺപള്ളിക്കൂടങ്ങൾ ഇത്രയും വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടായിരുന്നു. രണ്ടു പ്രസ്സുകളും മലങ്കര ഇടവക പത്രിക, ജീവ നിക്ഷേപം, സുറിയാനി സുവിശേഷകൻ, സീമതഹായ (സുറിയാനി) എന്നീ മാസികകളുമുണ്ടായിരുന്നു.

അക്കാലത്തെ മലങ്കരസുറിയാനി അസോസിയേഷൻ മാനേജിംഗ് കമ്മററിയിൽ മെത്രാപ്പോലീത്താമാരെ കൂടാതെ 8 വൈദികരും 11 അവൈദികരും അംഗങ്ങളായുണ്ടായിരുന്നു. ഇടവഴിക്കൽ പീലിപ്പോസ് ആയിരുന്നു അസോസിയേഷൻ സെക്രട്ടറി. മലങ്കര സുറിയാനി സുവിശേഷകസംഘം എന്നൊരു പ്രസ്ഥാനം അക്കാലത്തു് പ്രവർത്തിക്കുന്നുണ്ടായിരുന്നു. 85 സണ്ടേസ്കൂളുകളും 6 പുതു ക്രിസ്ത്യാനി സഭകളും അക്കാലത്തു് നിലവിൽ വന്നിരുന്നു.

ഇവ കൂടാതെ 1905 മുതൽ 1931 വരെയുള്ള നോമ്പുകണക്ക് 72 അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസ്മാരുടെ ലിസ്റ്റ് തുടങ്ങിയവയും ഈ പഞ്ചാംഗത്തിലുണ്ട്.

സുറിയാനി, മലയാളം, ഇംഗ്ലീഷ് തീയതികൾ, ആഴ്ച ഈ ക്രമത്തിൽ അടയാളപ്പെടുത്തിയ പഞ്ചാംഗമാണ് ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗം. ഓരോ മാസവും ഓരോ പേജായി ചേർത്തിരിക്കുന്ന ഈ പഞ്ചാംഗത്തിൽ മലങ്കര സഭയുടെ വിശേഷദിവസങ്ങൾ പ്രത്യേകമായി കാണിച്ചിരിക്കുന്നു. 1906ലെ ഈ പഞ്ചാംഗത്തിൽ തോമ്മൂസ് (ജൂലൈ) മാസം മൂന്നാം തീയതി മാർതോമ്മാശ്ലീഹായുടെ ഓർമ്മ–മാറാനായ പെരുനാളായി ആണ് ചേർത്തിരിക്കുന്നതു്.

ചരിത്രപ്രാധാന്യമുള്ള ഒരു ഗ്രന്ഥമാണീ പഞ്ചാംഗം. മലങ്കരയിലെ അറിയപ്പെടുന്ന ആദ്യത്തെ 'ചർച്ച് ഡയറക്ടറിയ്ക്ക്' 1989 ആയിട്ടും ഒരു സമ്പൂർണ്ണനായ പിൻഗാമി ഉണ്ടായിട്ടില്ല എന്നതു് ഒരു ദുഃഖസത്യമല്ലേ?

## അമേരിക്കയിലൂടെ

(3–ാം പേജിൽ നിന്നും തുടർച്ച)

അടിച്ച ഗ്യാലനും, അതിന്റെ വിലയും ഗ്യാസ് നിറയ്ക്കുന്നിടത്തും ഓഫീസിനുള്ളിലും രേഖപ്പെടുത്തിക്കൊണ്ടിരിക്കും. അതും കാർഡിൽ ചാർജ്ജ് ചെയ്യാം. മാസാവസാനം ബില്ല് ചെക്കായി അയച്ചാൽ മതി.

ഗ്യാസ്, ടാങ്കിൽ നിറയ്ക്കുന്നവർക്ക് കാർവാഷ് ഫ്രീയായി ലഭിക്കും. ഇവിടെ സർവ്വീസ്‌സ്റ്റേഷനിൽ അരമണിക്കൂറോളം എടുക്കുന്ന കാർസർവ്വീസിംഗിന് അവിടെ വെറും രണ്ടു മിനിട്ടു മാത്രം മതിയാകും.

കാറിൽനിന്നും യാത്രക്കാർ ഇറങ്ങുകപോലും വേണ്ട. കാർവാഷ് സ്ഥലത്തേക്ക് കാർ കയററിയിട്ടാൽ ഓട്ടോമാററിക്കായിത്തന്നെ പാൽക്കുപ്പികൾ കഴുകുന്ന തരത്തിലുള്ള വലിയ ബ്രഷുകൾ വന്നു് കാർ കഴുകുകയും, അതിനാവശ്യമായ സോപ്പുവെള്ളം മുകളിൽനിന്നു് ഒഴുകുകയും വെള്ളം ശക്തിയായി തെറിച്ചുവീണു് കഴുകൽ സുഗമമാക്കുകയും ചെയ്യും.

കഴുകി വൃത്തിയാക്കി കഴിയുമ്പോൾ യന്ത്രം താനെ നിലയ്ക്കും. പിന്നെ ഉഷ്ണവായു അടിച്ച് കാർ പൊടുന്നനെ ഉണക്കിത്തരികയും ചെയ്യും. ഈ രണ്ടു മിനിട്ടു സമയം കാറിലുള്ള എയർകണ്ടീഷണർ വിതറുന്ന കുളിർമ്മയിൽ സ്റ്റീരിയോവിലൂടെ ഒഴുകുന്ന ഗാനശകലങ്ങളും ആസ്വദിച്ചിരിക്കാം. ഇടക്കിടെ വഴിയോരങ്ങളിൽ സ്കൂൾകുട്ടികൾ പണമുണ്ടാക്കാൻ വേണ്ടി കാർ വാഷ് 3 ഡോളർ മാത്രം എന്നെഴുതിയ ബാനറുകളും നീട്ടി നില്ക്കുകയും ചെയ്യുന്ന കാഴ്ച വിരളമല്ല.

രണ്ടോ മൂന്നോ കാർ കഴുകാൻ കിട്ടിയാൾ അന്നത്തെ പോക്കററു് മണിക്കാര്യം സുഭിക്ഷം. പിന്നെന്തിനു് അപ്പൻ, അമ്മ ഈ അമേരിക്കയിൽ

യത്രക്കിടയിൽ പണത്തിനു വല്ല അത്യാവശ്യവും നേരിട്ടെന്നിരിക്കട്ടെ. ബാങ്കുകളുടെ കൗണ്ടറുകൾ വഴിവക്കുകളിൽ ഉണ്ടാവും. അതിലേക്ക് കാർഡിട്ടാൽ കതകു താനെ തുറക്കുകയായി. അവിടെ കാർഡിട്ടു് ആവശ്യമുള്ള പണം എത്രയാണെന്നു് കംപ്യൂട്ടറിനെ ധരിപ്പിച്ചാൽ ഞൊടിയിടകൊണ്ടു പറയുന്ന പണം ലഭിക്കുന്നു. കൂടെ അതുവരെയുള്ള കണക്കിന്റെ സ്റ്റേററുമെൻറും. പണം നിക്ഷേപിക്കാനും ഈ കൗണ്ടറുകൾ തന്നെ ഉപയോഗിക്കാം. രാപകലില്ലാതെ 24 മണിക്കൂറുകളും ഈ കൗണ്ടറുകൾനിക്ഷേപകർക്കു് സഹായമായി നിലനില്ക്കുന്നു.

നമ്മുടെ നാട്ടിലെപ്പോലെ രാവിലെ 9 മുതൽ വൈകിട്ടു 5 വരെ ജോലി എന്നൊരു ഏർപ്പാടില്ല.

ജോലി 8 മണിക്കൂർ ചെയ്യണമെന്നുമാത്രം. നമുക്കു് സ്ഥിരമായി ഒരു സമയം ലഭിക്കുന്നു. അതുകൊണ്ടു് മററു സമയം പഠിക്കുവാനോ അതുമല്ലെങ്കിൽ രണ്ടാമതൊരു ജോലികൂടി നേടുവാനോ ഇതു സഹായിക്കുന്നു.

പണത്തിനുവേണ്ടി രണ്ടു ജോലിചെയ്യുന്നവരും ഇവിടെ കുറവല്ല. നമ്മുടെയാളുകൾക്കിടയിൽ, ജോലി സമയക്ലിപ്തതയ്ക്കുവേണ്ടി ഒരു വീട്ടിൽതന്നെ ഭാര്യയ്ക്കും, ഭർത്താവിനും, കുട്ടികൾക്കും പ്രത്യേകം പ്രത്യേകം തന്നെ കാറുകൾ ഉണ്ടാവും. ഇങ്ങനെയല്ലാത്തവർ വളരെ ചുരുക്കമാണ്.

ഈ സ്വാതന്ത്ര്യബോധം നമ്മുടെയാളുകളിൽ കുടുംബഭദ്രതയെ തകർക്കുന്നുണ്ടോ എന്നതാണ് വലിയ പ്രശ്നം.

രാത്രി ജോലി കഴിഞ്ഞു് മടങ്ങി വരുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തെക്കരുതി കാർ ഷെഡ്ഡുകൾ റിമോട്ടു കൺട്രോളർ വഴി കാറിലിരുന്നുതന്നെ തുറന്നു് അകത്തു കയററി ഷെഡ് അടച്ചിട്ടു് കാർ തുറന്നു് വീടിനുള്ളിൽ പ്രവേശിക്കാം. ഇവിടെ ഞാൻസ്ത്രീകളുടെ സുരക്ഷിതത്വത്തെക്കരുതി എന്നെഴുതിയതു് വായനക്കാരിൽ തെററിദ്ധാരണയുളവാക്കിയേക്കാം. പണം പിടിച്ചു പറിക്കുന്ന മോഷ്ടാക്കളെക്കരുതി അല്ലാതെബലാൽസംഗത്തിനല്ല. ആക്രമണങ്ങൾ തികച്ചും പണത്തിനുവേണ്ടി മാത്രം. സെക്സ് ആർക്കും ആരുമായും അമേരിക്കക്കാർക്കു് ആവാമല്ലോ. അതിനു് വിവാഹിതരോ അവിവാഹിതരോ എന്ന വേർതിരിവേ അവർ വച്ചുപുലത്താറില്ലത്രെ. ഭാര്യക്കു കാമുകനും ഭർത്താവിനു കാമുകിയും ഇല്ലെങ്കിലാണവർക്കു ബോറു്.

(ശേഷം 5–ാംപേജിൽ)

# വിശുദ്ധസഭ

# ക്രിസ്തുസഭയുടെ നാലു ലക്ഷണങ്ങൾ

## A. ഏകത്വം

സഭയ്ക്കു പല ലക്ഷണങ്ങൾ പറയാമെങ്കിലും വിശ്വാസപ്രമാണത്തിൽ നാലുപ്രധാനപ്പെട്ട ലക്ഷണങ്ങളാണ് പിതാക്കന്മാർ നിർവചിച്ചിരിക്കുന്നത്. 'കാതോലികവും, ശ്ളൈഹികവുമായ ഏക വിശുദ്ധസഭ' (One, holy, catholic and apostolic church). സഭ ഏകവും, വിശുദ്ധവും, കാതോലിക്കവും, ശ്ളൈഹികവുമാണ്. ഈ നാലു ലക്ഷണങ്ങളിൽ ഓരോന്നിനെ സംബന്ധിച്ചും സൂക്ഷ്മജ്ഞാനം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ഓരോന്നായി എടുത്തു് ചർച്ച ചെയ്യാം. സഭയുടെ ഏകത്വത്തെപ്പററി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 1. സഭയുടെ ഏകത്വം

സഭ ഏകമാണെന്നുള്ളതു്, അഥവാ സഭയുടെ ഐക്യത (unity), നിഷേധിക്കാവുന്നതല്ല. കർത്താവു് അതിനെ കാര്യമായി പരിഗണിക്കുകയും, സുപ്രസിദ്ധമായ തന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ അതിനു വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്നുണ്ടു്. അവരെല്ലാവരും ഒന്നാകേണ്ടതിനു് പിതാവേ! നീ എന്നിലും, ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിലൊന്നാകണമേ' (യോഹ. 17:21) 'നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു് ഞാൻ അവരിലും, നീ എന്നിലുമായ് അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കണമേ' (യോഹ. 17:23)

കർത്താവു് ഉദ്ദേശിക്കുന്നഈ ഏകത എപ്രകാരമുള്ളതാകുന്നു? പിതാവും പുത്രനും തമ്മിലുള്ള ഐക്യം പോലെയാണ് സഭയുടെ ഐക്യം അഥവാ ത്രിത്വത്തിലെ ഐക്യംപോലെ അതു കേവലം ഒരു മനസ്സിണക്കമോ, സ്നേഹത്തിലോ, ആദർശത്തിലോ മാത്രം ഉള്ള ഒരു ഐക്യമോ അല്ല. It is atonce essential as well as moral. അതു സാരാംശപ്രകാരവും, സ്വഭാവപ്രകാരവും; ഇച്ഛ അഥവാ ഇംഗിത (will) പ്രകാരവും ഉള്ള ഐക്യമാകുന്നു ത്രിത്വം മൂന്നു ആളുകളായി സ്ഥിതി ചെയ്യുമ്പോഴുംതന്നെ, സ്വഭാവത്തിലും ഇഷ്ടത്തിലും ഏകമായിരിക്കുന്നു. ഈ രീതിയിലുള്ള ഐക്യത്തിലേക്കു സഭയും വന്നുചേരണമെന്നത്രെ കർത്താവു് പ്രാർത്ഥിക്കുന്നതു്. ഈ ഐക്യത്തിലേക്കു് സഭ വന്നുചേരുന്നതു് ക്രിസ്തുവിന്റെ ശരീരമായി സഭ വർത്തിക്കുന്നതു് മുഖാന്തരമാകുന്നു.

ഓരോ വിശ്വാസിയും അവനവന്റെ വ്യക്തിത്വം പാലിക്കുന്നതോടൊപ്പം സഭവഴിയായി ക്രിസ്തുവുമായി ഒന്നിക്കുന്നു. അവന്റെ മനുഷ്യത്വം ക്രിസ്തുവിന്റെ മനുഷ്യത്വവുമായി സംഘടിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും സാരാംശപ്രകാരം അഭേദ്യമായി സംഘടിക്കുന്നതുപോലെയല്ല. ഇതു് ആത്മീകമായ ഒരു സംയോജിപ്പാകുന്നു. സാരാംശസംബന്ധമായതല്ല. ഒരു കമ്പു് തായ്ത്തടിയിൽ സ്ഥിതിചെയ്യാതിരുന്നാൽ ഉണങ്ങിപ്പോകുന്നതുപോലെ, ഒരു വിശ്വാസി ക്രിസ്തുവിൽ സ്ഥിതിചെയ്യാതിരുന്നാൽ ഉണങ്ങിവരണ്ടു പോകുന്നു.

സഭ ഏകമാകുന്നതു് അതു ക്രിസ്തുവിന്റെ ശരീരമാകയാലാണ്. പൗലൂസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തു വിഭാഗിക്കപ്പെട്ടവനല്ല. (1 കൊരി. 1:13) സഭയുടെ ഐക്യംപോലെ പൗലൂസ് ശ്ലീഹായുടെ മനസ്സിൽ കുടികൊണ്ടിരുന്ന മറെറാരാശയവുമില്ല. 'പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, എല്ലാവരും തമ്മിൽ അവയവങ്ങളുമാകുന്നു' (റോമ 12:5) 'ശരീരം ഒന്നും, അതിനു് അവയവം പലതും. ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. യഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ, നാം എല്ലാവരും ഏകശരീരമാകുമാറു് ഒരേ ആത്മാവിനെ പാനംചെയ്തുമിരിക്കുന്നു. '(1 കൊരി. 12:12–13)' നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളുമാകുന്നു '(1 കൊരി. 12:27. ഗലാ. 3:27–29; എപ്പേ. 4: 4–6 എന്നിവയും കാണുക)

---

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് വൈദിക സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന കാലഘട്ടത്തിൽ എഴുതിയതു്.

---

സഭ ക്രിസ്തുവിന്റെ ശരീരമെന്നുള്ള ആശയം ഇതിനുമുമ്പു് പല അവസരങ്ങളിലും നാം കണ്ടിട്ടുള്ളതാണ് ഒരു ജീവനുള്ള ശരീരത്തിൽ അവയവങ്ങൾ സംയോജിച്ചിരിക്കുന്നതുപോലെയാകുന്നു സഭയും ക്രിസ്തുവുമായുള്ള ഐക്യം (The unity of a living organism) അതു് ബാഹ്യമായി കാണത്തക്കവണ്ണമുള്ള സംയോജിപ്പല്ല. ആത്മാവിൽ അറിയപ്പെടുന്നതും അദൃശ്യവുമായ ഐക്യമാകുന്നു. അതിനാലത്രെ സഭയെ ക്രിസ്തുവിന്റെ മിസ്ററിക്കാലകാരമെന്നു് (Mystical body) നാം വിവക്ഷിക്കുന്നതു്. അതു് അദൃശ്യവും ആന്തരികവുമായതുകൊണ്ടു് അതിന്റെ യാഥാർത്ഥ്യം ഒട്ടുംതന്നെ കുറഞ്ഞു പോകുന്നില്ല.

ഈ ഐക്യം സംജാതമാകുന്നതു് കൂദാശകൾ മുഖാന്തരം ലഭ്യമാകുന്ന ദൈവീക കൃപയാലത്രെ. കൂദാശകൾ യേശുക്രിസ്തുവുമായി നമ്മെ സംയോജിപ്പിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസമാകുന്നു അതിന്റെ മുഖാന്തിരം. മാമോദീസാ ക്രിസ്തുവുമായി നമ്മേ ഒട്ടിച്ചേർക്കുന്നു. മൂറോൻ ഈ സംയോജിപ്പിനെ ഉദ്ദീപിപ്പിക്കുന്നു. കുമ്പസാരം അതിനെ നിലനിർത്തുന്നു. വി. കുർബാന അതിനെ പരിപോഷിപ്പിക്കുന്നു.

സഭയുടെ ഐക്യം നഷ്ടപ്പെടുകയെന്നുള്ളതു് കേവലം നിസ്സാരമായി തള്ളിക്കളയാവുന്ന ഒരു സംഗതിയല്ല. സഭയിലുണ്ടായേക്കാവുന്ന കക്ഷിപിരിച്ചിലുകളുടെയും, പിണക്കങ്ങളുടെയും, മത്സരങ്ങളുടെയും, ശീശ്മകളുടെയും മററും ദൂഷ്യത്തെപ്പററി വളരെ ശക്തിയായ ഭാഷയിൽ ലേഖനകർത്താക്കൾ അപലപിക്കുന്നതായി കാണുന്നുണ്ടു്. 'ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു് ഐകമത്യപ്പെട്ടു്, ഏകഭാവമുള്ളവരായി, ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ' ഫിലി. 2:1–4 (റോമ. 14:1–7; 1 കൊരി. 1:10–13; ഗലാ. 5:16–2;യൂദാ 19)എന്നീ ഭാഗങ്ങളും കാണുക

സഭയുടെ ഏകത്വം പലകാരണങ്ങൾകൊണ്ടു് ഒഴിച്ചു കൂട്ടുവാൻ പാടില്ലാത്തതാകുന്നു.

1 ഏകത്വത്തിൽ ത്രിത്വവും, ത്രിത്വത്തിൽ ഏകവുമായി സ്ഥിതിചെയ്യുന്ന അഭിന്നമായ ഏകദൈവത്തെയല്ലോ നാം ആരാധിക്കുന്നതു്.

2 ത്രിത്വത്തിന്റെ അഗാധതയിൽനിന്നും പ്രവഹിക്കുന്ന ദൈവിക ജീവനാകുന്ന ഏകമായ ദൈവകൃപയല്ലോ സഭയുടെ ജീവൻ.

3 മനുഷ്യനും ദൈവത്തിനും മദ്ധ്യേ ഏകമദ്ധ്യസ്ഥനും (തീമോ. 2:5), ആട്ടിൻകൂട്ടത്തിന്റെ ഏകഇടയനും (യോഹ. 10:16), ആട്ടിൻതൊഴുത്തിന്റെ ഏകവാതിലും ക്രിസ്തു മാത്രമാകുന്നു. (യോഹ. 10:1–7)ഈ കാരണങ്ങളും സഭയുടെ ഏകതാനതയ്ക്കു് നിദാനങ്ങളാണ്.

4 ഒരേ അപ്പത്തിന്റെ (വി. കുർബാന) അംശികളെന്ന നിലയിലും (1 കൊരി 10:17) ഏകപ്രത്യാശ, ഏകശരീരം, ഏകആത്മാവ്, ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു മാമോദീസാ എന്നീ നിലകളിലു, എല്ലാവരുടെയും പിതാവായ ഏകദൈവത്തെ ആരാധിക്കുന്നതിലും (എഫേ. 4:4–6) സഭ ഏകമായിരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടു്.

((തുടരും)


**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം– 60രൂപാ
രണ്ടുവർഷം– 100രൂപാ

ചെക്കുകളും ഡ്രാഫ്റ്റുകളും 'H. H. Baselius Mar Thoma Mathews I എന്ന പേരിൽ ക്രോസ് ചെയ്തു് അയയ്ക്കുക. വരിസംഖ്യ പുതുക്കുന്നവർ രജിസ്റ്റർ നമ്പർ കൂടി കാണിച്ചിരിക്കണം.

വിലാസം

ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം–686 038

Phone 0481-8234



**Advisory Board**

Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J, Koshy (Bombay)
Mr. M.A, Abraham(Madras)
Mr. M.G. George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P, P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny


## അമേരിക്കയിലൂടെ...

(4–ാം പേജിൽനിന്നും തുടർച്ച)

കൗമാരപ്രായക്കാർക്കു് എതിർലിംഗത്തിലുള്ള കൂട്ടുകാർ ഇല്ലെങ്കിലേ മാതാപിതാക്കൾക്കു് ഉത്കണ്ഠ തോന്നുകയുള്ളൂ. മകൾ ഒരു ബോയിഫ്രണ്ടുമായി വീട്ടിലേക്കു വന്നാൽ അന്നു് അവർക്കുവേണ്ടി മാതാപിതാക്കൾ പുറത്തെവിടെയെങ്കിലും യാത്രയാവും. ഇവരുടെ ശൃംഗാരോല്ലാസങ്ങൾ ഒളിവിൽ ശ്രദ്ധിച്ചു മക്കളെക്കുറിച്ചു് അഭിമാനിക്കുന്ന രംഗങ്ങളുള്ള ടെലിവിഷൻ സീരിയലുകൾ ആ സംസ്ക്കാരം അവിടെ വളർത്തിയില്ലെങ്കിലല്ലേ അത്ഭുതപ്പെടേണ്ടു.

നമ്മുടെ നാട്ടുകാരായ ഇപ്പോഴത്തെ കുട്ടികൾ അങ്ങനെയൊക്കെയാവുമോ? അതായിരിക്കാം വായനക്കാർ ഇപ്പോൾ ചിന്തിക്കുന്നതു്. അങ്ങനെയാവാതിരിക്കട്ടെ എന്നു നമുക്കു് പ്രാർത്ഥിക്കാം. അല്ലാതെന്തു ചെയ്യാൻ.

കാരണം കുട്ടികൾ മാതാപിതാക്കളോടൊപ്പമെന്നതിനെക്കാൾ സ്ക്കൂളിൽ, കൂട്ടുകാരോടൊപ്പം ആയിരിക്കുമല്ലോ ചിലവഴിക്കുക, ഭാരതീയരുടെ രീതികളെപ്പററി കുട്ടികൾക്കറിയുകയും ഇല്ലല്ലോ.

പിന്നെ നമ്മുടെ സംസ്കാരവും ആചാരമര്യാദകളും, മാതൃഭാഷയും – മലയാളികളെത്തന്നെയും കാണുക പള്ളിയിൽ മാത്രമാണ്.

പള്ളിക്കും ഭദ്രാസനത്തിനും ഇതിൽ ഏറെ കാര്യങ്ങളിലും നമ്മുടെ കുട്ടികളെ ചിട്ടപ്പെടുത്തിയെടുക്കാൻ കഴിയും.

പക്ഷെ അതിനു് തുടക്കം കുറിക്കേണ്ടതു് മാതാപിതാക്കൾ തന്നെയാണ്. ചെറുപ്പം മുതലെ കുട്ടികളുമായി പള്ളിയിൽ എത്തേണ്ടതു് അവർ തന്നെയാണല്ലോ. ഒരു നാൾ കുട്ടികൾ അന്യമാവുമ്പോൾ അച്ചനെയോ മെത്രാനെയോ കുററം പറഞ്ഞിട്ടെന്തു നേടാൻ.

(തുടരും)




# കൊട്ടമൺ പള്ളി കൂദാശ ചെയ്തു

കൊട്ടമൺ: സെൻറ് ബഹനാൻസ് പള്ളികൂദാശയും പെരുന്നാളും ഫെബ്രുവരി 17,18 തീയതികളിൽ പ: മോറാൻ മാർ ബസ്സേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാവായുടെ പ്രധാനകാർമ്മികത്വത്തിലും, ശ്രേഷ്ഠ നിയുക്തകാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ദാനീയേൽ മാർ പീലക്സീനോസ്, ജോസഫ് മാർ പക്കോമിയോസ് ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും നടത്തി.

ഫെബ്രുവരി 14-ന് ആരംഭിച്ച സുവിശേഷയോഗങ്ങളിൽ ഫാ. ഒ. തോമസ്, ഫാ. എം. സി. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

16 വ്യാഴാഴ്ച 6-ന് ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം ആഘോഷിച്ചു. ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഫാ. തോമസ് ജോൺസൺ ഉദ്ഘാടനം ചെയ്തു.

18-ന് കൂദാശയെത്തുടർന്ന് പ: കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിൻമേൽ കർബാന നടന്നു.

വൈകുന്നേരം 4-ന് പ: ബാവാ തിരുമനസ്സിൻെറ അദ്ധ്യക്ഷതയിൽചേർന്ന പൊതുസമ്മേളനം പ്രതിപക്ഷനേതാവ് കെ. കരുണാകരൻ ഉദ്ഘാടനം ചെയ്തു മുൻ വികാരി കൊപ്പാറ ഗീവറുഗീസ് കത്തനാരുടെ ഫോട്ടോ മന്ത്രി ബേബിജോൺ അനാച്ഛാദനം ചെയ്തു.

## കൺവെൻഷനും പെരുന്നാളും

ഇലന്തൂർ: കാരൂർ സെൻറ് പീറേറഴ്സ് പള്ളി പെരുനാൾ ഫെബ്രുവരി 18, 19 തീയതികളിൽ ആഘോഷിച്ചു. മെത്രാപ്പോലീത്താമാരായ ജോസഫ് മാർ പക്കോമിയോസ്, ഗീവറുഗീസ് മാർ ഈവാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, സി. വി. ജോൺ കോറെപ്പിസ്കോപ്പ എന്നിവർ പെരുന്നാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

പെരുന്നാളിനോടനുബന്ധിച്ചുള്ള കൺവെൻഷൻ ഫെബ്രുവരി 15-ന് ആരംഭിച്ചു. ഓരോ ദിവസവും സന്ധ്യാനമസ്കാരത്തെത്തുടർന്ന് ഫാ: സി. ഒ. ജോർജ്, പോൾ സിനിരാജ് മുഹമ്മദ്, ഫാ: ജേക്കബ് ചെറിയാൻ, ഫാ: കെ. ജെ. ഗബ്രിയേൽ എന്നിവർ കൺവൻഷൻ പ്രസംഗങ്ങൾ നടത്തി.

18 ശനിയാഴ്ച ഉച്ചകഴിഞ്ഞു 2-ന് ഇടവകയിലെ ആദ്ധ്യാത്മീക സംഘടനാംഗങ്ങൾക്കായി ഫാ: സഖറിയാ ഒ. ഐ. സി. ബൈബിൾ ക്ലാസ്സെടുത്തു. തുടർന്ന് സന്ധ്യാനമസ്കാരവും റാസയും നടന്നു. പെരുന്നാൾ ദിവസം മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടന്നു.

## ശാന്തിഭവനിൽ താമസസൗകര്യം


മൈസൂർ: ഹ്യൂമൻ റിലേഷൻസ് ആൻഡ് നാഷനൽ ഇൻറഗ്രേഷൻ ട്രസ്റ്റിൻെറ വകയായി മൈസൂറിലെ ബില്ലിക്കരയിൽ വിശ്രമജീവിതം നയിക്കുന്നവർക്കുവേണ്ടി ആരംഭിക്കുന്ന ശാന്തിഭവൻ മാർച്ച് 26-ന് ഉദ്ഘാടനം ചെയ്യുന്നു.

ശിഷ്ടായുസ്സ് ഇവിടെ കഴിച്ചുകൂട്ടുവാൻ ആഗ്രഹിക്കുന്നവർ ഒരു മുറിയ്ക്ക് 30000 രൂപയും, പ്രതിമാസം ഭക്ഷണചിലവായി 450 രൂപയും അടച്ച് അംഗത്വം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

ഫാ: ഡോ: പി. സി. ഈപ്പൻ,
10 ജയലക്ഷ്മിപുരം
മൈസൂർ—570 012,
ഫോൺ—25905.

## കൺവെൻഷൻ സമാപിച്ചു

പാമ്പാടി: ഫെബ്രുവരി 9-ന് ആരംഭിച്ച പാമ്പാടി സെൻട്രൽ കൺവെൻഷൻ 13-ന് സമാപിച്ചു. ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫാ: മാത്യു വൈദ്യൻ, പോൾ സിനിരാജ്, എം. ഐ. യോഹന്നാൻ, വി. ടി. ചാക്കോ മാസ്റ്റർ എന്നിവർ കൺവെൻഷൻ പ്രസംഗങ്ങൾ നടത്തി. സമാപനദിവസം മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പാ പ്രസംഗിച്ചു.



ഒരു വിശ്വാസി



ഒരു വിശ്വാസി

# പരിശീലന കോഴ്സ്

സ്കൂൾ ഓഫ് ലിററർജിക്കൽ മ്യൂസിക്കിലെ പരിശീലനകാലം രണ്ടുവർഷമാണ്. എല്ലാ ശനിയാഴ്ചയും രാവിലെ 9 മുതൽ 5 വരെയാണ് ക്ലാസ്സുകൾ. നിർദ്ദിഷ്ട സിലബസ്സ് പ്രകാരം ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള 5 പീരിഡുകൾ ഒരു ദിവസം ഉണ്ടായിരിക്കും.

കോഴ്സിൻെറ അവസാനം പരീക്ഷ നടത്തുകയും അതിൽ വിജയിക്കുന്നവർക്ക് സർട്ടിഫിക്കററ് നൽകുകയും ചെയ്യും. ഈ കോഴ്സിനെ സർവ്വകലാശാലയുമായി ബന്ധിപ്പിക്കുവാൻ ശ്രമം നടക്കുന്നുണ്ട്. സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചാൽ ഇതു് ഡിഗ്രികോഴ്സായിരൂപാന്തരപ്പെടും.

## യോഗ്യത

സംഗീതത്തോടു താൽപ്പര്യവും അഭിരുചിയുമുള്ളവരായിരിക്കണം അപേക്ഷകർ. കുറഞ്ഞ വിദ്യാഭ്യാസയോഗ്യത എസ്. എസ്. എൽ. സി. യാണ്. സംഗീതാഭ്യസനത്തിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

ശബ്ദപരിശോധനയ്ക്കുശേഷം സെലക്ഷൻബോർഡ് അംഗീകരിക്കുന്ന 10 സ്ത്രീകൾക്കും 10 പുരുഷന്മാർക്കും പ്രവേശനം നൽകും.

കോഴ്സിൻെറ ഓരോ വർഷാവസാനവും പരീക്ഷ ഉണ്ടായിരിക്കും. രണ്ടാം വർഷത്തെ പരീക്ഷയോടൊപ്പം 'പ്രാക്ടിക്കൽ' പരീക്ഷയും നടത്തുന്നതാണ്. പ്രാക്ടിക്കൽ പരീക്ഷയിൽ ഒരു ഗാനത്തിനു് സ്വയമായി സംഗീതം നൽകി നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഗായകസംഘത്തെ പഠിപ്പിച്ചു് പാടിക്കേൾപ്പിക്കണം.

അകലെനിന്നുവരുന്നവർക്ക് താമസ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

കോഴ്സിനു് ഒരുവർഷത്തേക്ക് ഭക്ഷണമുൾപ്പെടെ 550 രൂപയാണ് ഫീസ്. അതു് നാലുതവണകളായി നൽകിയാൽ മതിയാവും.

സ്കൂൾ ഓഫ് ലിററർജിക്കൽ മ്യൂസിക്കിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ 5 രൂപാ റജിസ്ട്രേഷൻ ഫീസ് സഹിതം സ്വന്തം മേൽവിലാസം എഴുതിയ കവറോടുകൂടി പ്രവേശനഫോറം പൂരിപ്പിച്ചു് താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ദി ഡയറക്ടർ, സ്കൂൾ ഓഫ് ലിററർജിക്കൽ മ്യൂസിക്ക്, ഓർത്തഡോക്സ് സെമിനാരി, പി. ബി നമ്പർ 98, കോട്ടയം.

Tel: 872 7634/872 7112
872 0967/872 8850

TITUS V KOSHY

*Constituted Attorney*
**ZARIN REFRIGERATION INDUSTRIES**
Ajay Estate, Anjirwadi, P. B. No. 6246, Mazgaon
Bombay–400 010

RES: JN4-10-9, SECTOR-10, VASHI-400103, Tel. C/o. 672 044



കാഞ്ചീപുരം, ബനാറസ്പട്ടുസാരികൾ മുതൽ മേന്മയേറിയ കോട്ടൺസാരികൾവരെ - നിരവധി!
നവീനഫാഷനിലുള്ള മിഡികൾ, മാക്സികൾ, ചുരീദാറുകൾ, മാച്ചിംഗ് ബ്ളൗസ്പീസുകൾ.





പ്രസിദ്ധമായ മില്ലുകളിൽനിന്നുമാത്രമുള്ള ഷർട്ടിംഗുകളും, സൂട്ടിംഗുകളും. അനന്യലഭ്യമായ ജെയ്ബീ ഷർട്ടുകളും, സൂട്ടുകളും, ട്രൗസറുകളും- ഒപ്പം പ്രചാരമേറിയ മററു റെഡിമെയ്ഡുകളും.



കൂടാതെ കട്ട്പീസുകൾ, വേഷ്ടികൾ അടിവസ്ത്രങ്ങൾ ഫർണീഷിംഗ് തുണികൾ എന്നിവയും



ജോസ് ബ്രദേഴ്സ്

എറണാകുളം-കോട്ടയം

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst K. P. Jacob (Hon Cheif) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office, Address: Malankara Orthodox Herald Devalokam Kottayam-686 038